ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഉണ്ട്.

(ഡി) അത്തരത്തിലുള്ള ഗൗരവമായ ഒരു സ്ഥിതിവിശേഷം കേരളത്തിൽ നിലവിലില്ല. എന്നിരുന്നാലും ടൂറിസത്തിന്റെ മറവിൽ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതും അങ്ങനെ ഉണ്ടെങ്കിൽ അതിനെതിരെ കർശന നടപടി സ്വീകരിക്കുന്നതുമാണ്.

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസ് എന്ന സ്ഥാപനം സംസ്ഥാനത്തെ ടൂറിസത്തെപ്പറ്റി പ്രസിദ്ധീകരിച്ച റിപ്പോർട്ട്

56 [734] ശ്രീ. പി. ജെ. ജോയി :

,, ടി. എൻ. പ്രതാപൻ :

,, ജോർജ് ജെ. മാത്യു :

,, കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ സംസ്ക്കാരത്തിനും സദാചാരബോധത്തിനും എതിരായ വിധത്തിൽ ന്യൂഡൽഹി ആസ്ഥാനമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസ് എന്ന സ്ഥാപനം സംസ്ഥാനത്തെ ടൂറിസത്തെപ്പറ്റി പ്രസിദ്ധീകരിച്ച റിപ്പോർട്ട് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ റിപ്പോർട്ടിലെ ഉള്ളടക്കം സംസ്ഥാനത്തിന് ദുഷ്പേരുണ്ടാക്കുന്നതാണോ ;

(സി) എങ്കിൽ അതില്ലാതാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു ?

ഉത്തരം

(എ – സി) ഉണ്ട്. എന്നാൽ പ്രസ്തുത റിപ്പോർട്ട് തികച്ചും വസ്തുനിഷ്ഠമാണെന്ന് സർക്കാർ കരുതുന്നില്ല. എന്നിരുന്നാലും ഇത്തരം പ്രവണതകൾക്കെതിരെ ജാഗരൂകരായിരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രാവൽ ആന്റ് ടൂറിസം എന്ന സ്ഥാപനം ആരംഭിക്കാൻ നടപടി

57 [735] ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രാവൽ ആന്റ് ടൂറിസം എന്ന സ്ഥാപനം കേരളത്തിൽ ആരംഭിക്കുന്നതിനെ സംബന്ധിച്ച് എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly